# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1963**

11.06.2018-ൽ മറുപടി നൽകേണ്ടത്.

**പഞ്ചിംഗ് സമ്പ്രദായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **പിണറായി വിജയൻ<br>മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്ക്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്ക്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് രൂപീകരിച്ചു.<br><br>സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.<br><br>സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 01.01.2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം |

| | | | |
|---|---|---|---|
| | | | കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റോടു കൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31 നകവും സ്ഥാപിച്ച നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നല്കണമെന്നും സംബന്ധിച്ച് നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഓഫീസ് നടപടിക്രമങ്ങൾ നിരീക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി)<br>(സി)<br>&<br>(ഡി) | സെക്രട്ടേറിയറ്റിലെ ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് 01.01.2018 മുതൽ സ്പാർക്ക് ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് സമ്പ്രദായം സ്ഥാപിച്ചിട്ടുണ്ട്. ആയതിന് ശേഷം സെക്രട്ടേറിയറ്റിലെ ഹാജർ നിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഈ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഏതെല്ലാം വകുപ്പുകളിലാണ് നിലവിൽ പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്; | | |
| (ഡി) | പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |
| (ഇ) | പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റോടു കൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31 നകവും സ്ഥാപിച്ച നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് 18.05.2018-ൽ സ.ഉ.(കൈ)നം.108/2018/പൊഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.